## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4425** **25.10.2016- ൽ മറുപടിക്ക്**

**"ചേലക്കര മണ്ഡലത്തിലെ ചെറുകിട വ്യവസായ യൂണിറ്റുകൾ"**

**ചോദ്യം**

**ശ്രീ.യു. ആർ. പ്രദീപ്**

**ഉത്തരം**

**ശ്രീ. പിണറായി വിജയൻ**
(ബഹു. മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| എ) | ചേലക്കര മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ സഹായം ലഭിച്ചിട്ടുള്ള എത്ര ചെറുകിട വ്യവസായ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്; | എ) | ചേലക്കര മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ സഹായം ലഭിച്ചിട്ടുള്ള 20 ചെറുകിട വ്യവസായ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. |
| ബി) | ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് യുവസംരംഭകർക്ക് എന്തെല്ലാം സഹായങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്; വിശദാംശം വ്യക്തമാക്കുമോ; | ബി) | ജില്ലാ/താലൂക്ക്/ബ്ലോക്ക് തലങ്ങളിൽ സംരംഭകത്വ വികസന സെമിനാറുകൾ, സ്കിൽ ഡെവലപ്മെന്റ് പരിശീലനം, Prime Minister's Employment Guarantee Programme (PMEGP), എന്റെ ഗ്രാമം, ജോബ് ക്ലബ്, ശരണ്യ പദ്ധതി തുടങ്ങിയവയ്ക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും വൈദ്യുതി കണക്ഷൻ ഉടനടി ലഭ്യമാക്കുന്നതിനുള്ള സൗകര്യവും യുവസംരംഭകർക്ക് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് വ്യവസായ വകുപ്പ് നൽകി വരുന്നു. കൂടാതെ സംരംഭകത്വ സഹായ പദ്ധതിയിലൂടെ അർഹരായവർക്ക് സാമ്പത്തിക സഹായങ്ങളും നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | ചെറുകിട വ്യവസായ യൂണിറ്റ് ആരംഭിക്കുന്നതിനായി ചേലക്കര മണ്ഡലത്തിൽ നിന്നും എത്ര പുതിയ അപേക്ഷകൾ ജില്ലാ വ്യവസായ കേന്ദ്രത്തിന് ലഭിച്ചി ട്ടുണ്ട്; | സി) & ഡി) | ചേലക്കര മണ്ഡലത്തിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി 129 അപേക്ഷകൾ തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രത്തിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ 69 അപേക്ഷകൾ KSEB യിലേയ്ക്കും, ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് സഹിതം വായ്പ ലഭിക്കുന്നതിനായി ബാങ്കുകളിലേയ്ക്കും നൽകിയിട്ടുണ്ട്. മറ്റ് അപേക്ഷകളിൽ നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഡി) | ഇവർക്ക് കഴിവതും വേഗത്തിൽ അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**